# നീതിയിൽ ജീവിക്കുക

## യെഹേസ്കേൽ 33:12

"നീതിമാൻ അതിക്രമം ചെയ്യുന്ന നാളിൽ അവന്റെ നീതി അവനെ രക്ഷിക്കയില്ല, ദുഷ്ടൻതന്റെ ദുഷ്ടത വിട്ടുതിരിയുന്ന നാളിൽ തന്റെ ദുഷ്ടതയാൽ ഇടറിവീഴുകയില്ല. നീതിമാൻ പാപം ചെയ്യുന്ന നാളിൽ അവന്നു തന്റെ നീതിയാൽ ജീവിപ്പാൻ കഴിയുകയില്ല."

നീതിമാൻ എന്തുകൊണ്ട് നീതിയിൽ തന്നെ തുടരേണമെന്നും ദുഷ്ടൻ തന്റെ ദുഷ്ടത വിട്ടുതിരിഞ്ഞാലുള്ള പ്രതിഫലം എന്താണ് എന്നും ഓർമ്മിപ്പിക്കുന്ന ഒരു വാക്യമാണിത്. ഇന്ന് അനേകം നീതിമാന്മാർ തങ്ങളുടെ ഹൃദയത്തിലെങ്കിലും ചിലപ്പോൾ ചിന്തിക്കുന്നുണ്ടാകാം താൻ ചെയ്ത നീതിപ്രവൃത്തികൾ തന്റെ ചെറിയ പാപങ്ങളെ പരിഹരിക്കുമെന്ന്, എന്നാൽ വചനം നമ്മെ ഓർമ്മിപ്പിക്കുന്നത് മറിച്ചാണ്. കാലങ്ങളോളം നീതിമാനായി ദൈവത്തിന്റെ മുമ്പാകെ ജീവിച്ചിട്ട് അതിക്രമം ചെയ്യുന്ന നാളിൽ അവന്റെ നീതി അവനെ രക്ഷിക്കുകയില്ല. എന്നാൽ ജീവിതകാലം മുഴുവൻ ദുഷ്ടത പ്രവൃത്തിച്ച് നടന്ന ഒരുവൻ അവന്റെ ജീവിതത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ വച്ച് പശ്ചാത്തപിച്ച് തന്റെ പാപവഴികളെ ഉപേക്ഷിച്ചാൽ അവനോട് ക്ഷമിച്ച് അവനെ ശുദ്ധീകരിക്കുന്ന ഒരു ദൈവത്തെയാണ് നാം അവിടെ കാണുന്നത്; അതാണ് ദൈവത്തിന്റെ മഹാദയയും കരുണയും.

എന്നാൽ ഇന്ന് നീതിമാൻ എന്ന് സ്വയം ചിന്തിക്കുന്നവർക്ക് പാപത്തെക്കുറിച്ചുള്ള ബോധ്യമില്ല എന്നതാണ് യഥാർഥ സത്യം. കർത്താവിനോട് കൂടെ രണ്ട് കള്ളന്മാരെ ക്രൂശിൽ തൂക്കിയെങ്കിലും തിരിച്ചറിവും, പശ്ചാത്താപവും ഉണ്ടായത് വലതുഭാഗത്തെ കള്ളനു മാത്രമാണ്. അതു കൊണ്ട് തന്നെ അവന്റെ ജീവിതത്തിന്റെ അതുവരെ ഉണ്ടായിരുന്ന എല്ലാ കുറ്റങ്ങളും പൊറുത്ത് അവനെ പറുദീസയ്ക്ക് യോഗ്യനാക്കി. എന്നാൽ ഇടതുഭാഗത്തെ കള്ളന് ഈ തിരിച്ചറിവ് ഉണ്ടായില്ല. അംഗീകരിക്കാൻ തയ്യാറായില്ല. അതു കൊണ്ട് തന്നെ അവന്റെ അവസരം നിഷേധിക്കപ്പെട്ടു.

ഇന്ന് നമ്മോടും ഇതേ ഒരു ഓർമ്മപ്പെടുത്തൽ ദൈവം നടത്തുന്നുണ്ട്. എവിടെ വെച്ച് ജീവിതത്തിന്റെ തെറ്റുകളെ തിരുത്തി എഴുതുന്നുവോ അവിടെ വെച്ച് പഴയകാല പാപങ്ങൾ മായിക്കപ്പെടുന്നു. അവ പിന്നീട് ഓർമ്മിക്കുന്നതേയില്ല എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. അതു കൊണ്ട് നീതിമാൻ പാപത്തിലേക്ക് വീഴാൻ പാടില്ല. ദുഷ്ടൻ തന്റെ ദുഷ്ടത ഉപേക്ഷിച്ച് നീതിമാൻ ആകാൻ പരിശ്രമിക്കുകയും വേണം. ഓരോ ദിവസവും ഒരു കഴുകലിന്റെ

അനുഭവം നമ്മിൽ ഉണ്ടാവണം. പാപങ്ങളെ ദൈവ സന്നിധിയിൽ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കണം, ക്ഷമ യാചിക്കണം. മടങ്ങി വരണം. ഇതാണ് ദൈവം യഥർഥമായി നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്, അതാണ് കർത്താവിന്റെ സന്തോഷം. അതു കൊണ്ടാണ് അവൻ നമുക്ക് വീണ്ടും വീണ്ടും അവസരങ്ങൾ തരുന്നത്. ഒരുവന്റെ ജീവിതാവസാനത്തെയാണ് ദൈവം നോക്കുന്നത്. വിശ്വാസജീവിതം ആരംഭിച്ച് പാതിവഴിയിൽ വീണു പോയവർ അനേകരെ നമുക്ക് ദൃഷ്ടാന്തമായി വചനത്തിൽ നൽകിയിട്ടുണ്ട്. അതു കൊണ്ട് വിശുദ്ധിയിൽ നിറയാനും വളരാനും ജീവിക്കാനുമായുള്ള കൃപ തരേണമേ എന്ന് പ്രാർത്ഥിക്കാം.

**പരാമർശം:**

യെഹേസ്കേൽ 33:10

**"ഞങ്ങളുടെ അതിക്രമങ്ങളും പാപങ്ങളും ഞങ്ങളുടെ മേൽ ഇരിക്കുന്നു. അവയാൽ ഞങ്ങൾ ക്ഷയിച്ചു പോകുന്നു."**

**സിസ്റ്റർ നിനു ബിനു ബേബി ആലപ്പുഴ 056**